**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2813** — 18-08-2017 -ൽ മറുപടിക്ക്

**'ഓപ്പറേഷൻ അനന്ത'യുടെ രണ്ടാം ഘട്ടം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| (എ) | തലസ്ഥാന നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ജലനിർഗ്ഗമനം സുഗമമാക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ 'ഓപ്പറേഷൻ അനന്ത' ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; | (എ) | 'ഓപ്പറേഷൻ അനന്ത' ഈ സർക്കാർ നിർത്തലാക്കിയിട്ടില്ല. |
| (ബി) | പണി പൂർത്തിയാക്കിയ ഒന്നാം ഘട്ടത്തിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; | (ബി) | റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | 'ഓപ്പറേഷൻ അനന്ത' യുടെ രണ്ടാം ഘട്ടം എന്ന് തുടങ്ങുമെന്നും എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | വിഷയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനന്തപുരം

## ഓപ്പറേഷൻ അനന്തയെ സംബന്ധിച്ച റിപ്പോർട്ട്

ഓപ്പറേഷൻ അനന്ത ഒന്നാംഘട്ട പ്രവർത്തികൾ ഏകദേശം പൂർത്തിയായ സാഹചര്യത്തിൽ ടി പ്രവൃത്തികൾ വിലയിരുത്തുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ അനന്തയുടെ രണ്ടാംഘട്ടത്തിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതിനും തിരുവനന്തപുരം നഗരത്തിൽ ഓപ്പറേഷൻ അനന്ത നടപ്പിലാക്കിയത് മൂലം നഗരത്തിൽ വർഷകാലത്തുണ്ടാകുന്ന വെള്ളക്കെട്ടും, പകർച്ചവ്യാധികളും ഒഴിവാക്കുന്നതിന് ടി പ്രവൃത്തി എത്രമാത്രം ഗുണം ചെയ്തു എന്ന വസ്തുത മനസ്സിലാക്കുന്നതിനുമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിലെയും, ഏജൻസികളിലെയും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും 21.05.2017-ന് സംയുക്തമായി സ്ഥലപരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ താഴെപ്പറയുന്നവർ പങ്കെടുത്തു.

1. ശ്രീമതി. ലതകുമാരി, തഹസിൽദാർ, തിരുവനന്തപുരം.
2. ശ്രീ. രാജീവ് കെ.എസ്., എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, തിരുവനന്തപുരം.
3. ശ്രീ. പ്രേംചന്ദ് പി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ വിഭാഗം, തിരുവനന്തപുരം.
4. ശ്രീ. സുരേഷ്കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം, തിരുവനന്തപുരം.
5. ശ്രീ. ബിജുകുമാർ ആർ., അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. സിറ്റി റോഡ്സ് സെക്ഷൻ - II, തിരുവനന്തപുരം.
6. ശ്രീമതി. ശ്രീലേഖ ബി., അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, തിരുവനന്തപുരം.
7. ശ്രീ. ആർ. ജയകുമാർ, എച്ച്.എസ്., മുനിസിപ്പൽ കോർപ്പറേഷൻ.
8. ഡോ. ജോസ് ജി. ഡിക്സൺ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം
9. ശ്രീ.കെ.ജി. മോഹൻ, ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ഓഫീസ്, തിരുവനന്തപുരം.
10. ശ്രീമതി. എസ്.ജെ. വിജയ, ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം), കളക്ട്രേറ്റ്, തിരുവനന്തപുരം.
11. ശ്രീ. വി.എം. നന്ദകുമാരൻ, ജൂനിയർ സൂപ്രണ്ട് (ദുരന്തനിവാരണം), കളക്ട്രേറ്റ്, തിരുവനന്തപുരം.

സ്ഥലപരിശോധന 21.05.2017-ന് രാവിലെ 10.00 മണിയ്ക്ക് നഗരത്തിൽ വെള്ളക്കെട്ട് അതിരൂക്ഷമായി അനുഭവപ്പെടുന്ന തമ്പാനൂർ ഭാഗത്തുനിന്ന് ആരംഭിച്ചു. വിവിധ ഏജൻസികളായ കെ.എസ്.യു.ഡി.പി., പി.ഡബ്ല്യു.ഡി. തുടങ്ങിയവർ ചെയ്ത പ്രവൃത്തികൾ സംഘം പരിശോധിച്ച് വിലയിരുത്തി. ചില പണികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ അപൂർണ്ണമാണെന്ന് കണ്ടു. പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തുന്നതിലുണ്ടായ കാലതാമസമാണ് ഇപ്രകാരമുള്ള ഒരു അവസ്ഥയ്ക്ക് കാരണമെന്ന് കാണുന്നു. പുറമ്പോക്ക് തിട്ടപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർ തിരുവനന്തപുരം തഹസിൽദാർക്ക് നിർദ്ദേശം നൽകി. മുൻപ് വെള്ളക്കെട്ട് ഉണ്ടായിരുന്ന ടി പ്രദേശത്ത് നിലവിൽ രൂക്ഷമായ ഒരു സാഹചര്യം വർഷകാലത്ത് ഇല്ല എന്ന് സംഘം വിലയിരുത്തി.

തമ്പാനൂരിലെ മോസ്ക് ലൈനിലെ തംബുരു ഹോട്ടൽ, ദേശാഭിമാനി, മംഗളം, മനോരമ, ഹോട്ടൽ ഹൈസിന്ത് എന്നീ സ്ഥലങ്ങൾ പരിശോദിച്ചു. മനോരമയുടേയും ഹൈസിന്ത് ഹോട്ടലിന്റേയും സമീപമുള്ള ഓട പണി പൂർത്തിയാക്കാൻ ബാക്കിയുള്ളത് പൂർത്തിയാകുന്നതിന് Irrigation വകുപ്പിനെ ചുമതലപ്പെടുത്തി. അട്ടകുളങ്ങര റോഡിൽ സ്ഥിതി ചെയ്യുന്ന രാമചന്ദ്രൻ ടെക്സ്റ്റയിൽസിന്റെ സമീപമുള്ള ഓടയും വൃത്തിയാക്കി ശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിന് Irrigation വകുപ്പിനെ ചുമതലപ്പെടുത്തി.

കരിമഠം കോളനിയ്ക്ക് സമീപത്തുള്ള തെക്കിനിക്കര കനാലിലെ മാലിന്യം നീക്കം ചെയ്ത പ്രവൃത്തി സംഘം പരിശോധിച്ചു. മാലിന്യം നീക്കം ചെയ്തതിനു ശേഷവും ടി കനാലിൽ മാലിന്യം നിക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യം നിലവിൽ ഉണ്ട്. ഓപ്പറേഷൻ അനന്തയുടെ രണ്ടാം ഘട്ടത്തിൽ ടി മാലിന്യം നീക്കം ചെയ്ത് കനാൽ മാനിന്യമുക്തമാക്കുന്നതിനോടൊപ്പം തന്നെ കനാലിന്റെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപണികളും, മാലിന്യനിർമ്മാർജ്ജനവും സ്ഥിരമായി ഏറ്റെടുക്കുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തേണ്ടതിന്റെ ആവശ്യകത സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

തിരുവനന്തപുരം നഗരത്തിലെ പ്രധാന ജലാശയങ്ങളായ പാർവ്വതി പുത്തനാർ, ആമയിഴഞ്ചൻ തോട് എന്നിവ സംഘം സന്ദർശിച്ചു. രണ്ട് ജലാശയങ്ങളിലും മുൻകാലങ്ങളിലുള്ള പോലുള്ള മാലിന്യപ്രശ്നം ഇല്ലെങ്കിലും മാലിന്യ നിക്ഷേപം ഉള്ളതായി കണ്ടു.

ഓപ്പറേഷൻ അനന്തയുടെ ഒന്നാംഘട്ടത്തിൽ ആകെ 224 വ്യത്യസ്ത ഇനത്തിലുള്ള പ്രവൃത്തികളാണ് വിവിധ ഏജൻസികളും, വകുപ്പുകളും ഏറ്റെടുത്ത് നടപ്പിലാക്കിയത്. ടി പ്രവൃത്തികൾ സംഘം വിലയിരുത്തുകയും, ഓപ്പറേഷൻ അനന്തയുടെ നിലവിലുള്ള സ്ഥിതി എന്തെന്ന് വ്യക്തമായി ബോദ്ധ്യം വരുകയും ചെയ്തു. വെള്ളപ്പൊക്ക സാദ്ധ്യതയുള്ള മേഖലകൾ മനസ്സിലാക്കി. ഓടകളുടെയും, തോടുകളുടെയും പണികളിൽ അടച്ചുമൂടിയ ഭാഗങ്ങളിൽ ടി സവിശേഷത കാരണം നിർണ്ണയം നടത്തുവാൻ കഴിഞ്ഞില്ല. നിലവിൽ പൂർത്തീകരിക്കപ്പെട്ടതെന്ന് കരുതുന്ന പ്രവൃത്തികളിൽ കുറച്ചുഭാഗങ്ങൾ ഇടയ്ക്കിടയ്ക്ക് പണി ചെയ്തിട്ടില്ല. ആയവ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്.

1. തമ്പാനൂർ അരിസ്റ്റോ ജംഗ്ഷൻ മുതൽ മംഗളം വരെയുള്ള ഓടയുടെ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി കുറച്ച് ഭാഗം കുടി പൂർത്തിയാക്കേണ്ടതുണ്ട്. പുതിയ സ്ലാബ് നിർമ്മിക്കേണ്ടതുണ്ട്. ഓടയുടെ പഴയ കല്ല് കൊണ്ടുള്ള സംരക്ഷണ ഭിത്തി പുനർനിർമ്മിയ്ക്കേണ്ടതുണ്ട്.

2. അട്ടക്കുളങ്ങര റൂബി നഗർ ഭാഗത്തെ റോഡരികിലെ ഓടയുടെ പുനർ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി റൂബി നഗറിൽ അവസാനിയ്ക്കുന്ന ഓടയുടെ ഭാഗത്ത് സ്ലാബ്/ഗ്രേറ്റിംഗ് ഉപയോഗിച്ച് മൂടേണ്ടതുണ്ട്.

3. അട്ടക്കുളങ്ങര കിള്ളിപ്പാലം റോഡിന്റെ ഇടത് വശത്ത് ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ഓട പുനർ നിർമ്മിച്ചിട്ടുള്ളതാണ്. എന്നാൽ അട്ടക്കുളങ്ങര കിള്ളിപ്പാലം റോഡിന്റെ വലത് വശത്ത് നിലവിലുള്ള പഴയ ഓട വൃത്തിയാക്കേണ്ടതുണ്ട്.

കെ.എസ്.യു.ഡി.പി. അതിന്റെ പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ ടി ഏജൻസിയുടെ നിർവ്വഹണ ചുമതലയിലുണ്ടായിരുന്ന പ്രവൃത്തികളുടെ രേഖകൾ ഏതെങ്കിലും സർക്കാർ വകുപ്പിന് അടിയന്തിരമായി കൈമാറണം. ഓപ്പറേഷൻ അനന്ത ഒരു ശൃംഖലയാണ്. ഓരോ പ്രവൃത്തിയുടെയും ചുമതല ഓരോ വകുപ്പിനും വിഭജിച്ചു നൽകേണ്ടതുണ്ടെന്നും, സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കൂടാതെ, ഇപ്പോഴുള്ള പ്രവൃത്തി പ്രദേശങ്ങളിൽ വീണ്ടും മാലിന്യ നിക്ഷേപം നടത്തുന്നത് പകർച്ചവ്യാധികൾക്ക് കാരണമാകുമെന്നും ആയവ അടിയന്തിരമായി നീക്കം ചെയ്യേണ്ടതുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ചൂണ്ടിക്കാട്ടി.

സെക്ഷൻ ഓഫീസർ